**അറിയിപ്പ്**

മി. സ്പീക്കർ: ഇന്ന് നിയമനിർമ്മാണത്തിൽ മൂന്ന ബില്ലുകളാണ് വച്ചിട്ടുള്ളത്. ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഒന്നാമതായി ഉൾപ്പെടുത്തി യിരിക്കുന്നത് സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 2015-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി (ഭേദഗതി) ബില്ലും രണ്ടാമത്തേത് 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലും മറ്റൊന്ന്, 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ട ങ്ങളുമാണ്. പക്ഷേ, അംഗങ്ങൾക്കിടയിൽ പൊതുവെ വന്നിട്ടുള്ള ഒരു ധാരണ യനുസരിച്ച് ആദ്യം 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ എടുക്കണമെന്ന അഭിപ്രായമാണ് വന്നിരിക്കുന്നത്. അതനുസരിച്ച് ഇന്നത്തെ നിയമനിർമ്മാണ കാര്യത്തിൽ ആദ്യം 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ആണ് എടുക്കുന്നത്. 2015-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ഉച്ചയ്ക്കുശേഷം 1.30-ന് വോട്ടിടണമെന്ന ചട്ടം 153(2) താല്ക്കാലികമായി ഇളവു ചെയ്യുന്നു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുത്ത ശേഷം മൂന്നാമത്തെ ബില്ലായി 2015-ലെ കേരള

ധനവിനിയോഗ (3-ാം നമ്പർ) ബിൽ എടുക്കുന്നതാണ്. ഇന്ന് ബാക്കി ശേഷിക്കുന്ന സബ്മിഷനുകളുടെ രേഖാമൂലമുള്ള മറുപടി ഇന്നുതന്നെ ബഹുമാനപ്പെട്ട മെമ്പർമാർക്ക് നൽകുന്നതാണ്.